**“ഭരണഭാഷ-മാതൃഭാഷ”**

നമ്പർ: **KTDS/2161/2025-C-Part(1)**

ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്
കോഴിക്കോട്- **673 017**
ഫോൺ നമ്പർ: **0495 2356805**
ഇ-മെയിൽ: **kirtads@gmail.com**
**kirtads@kerala.gov.in**

തീയ്യതി: **11-09-2026**

## പത്രക്കുറിപ്പ്

### സംസ്ഥാനതല പ്രസിദ്ധീകരണത്തിന്

ഗോത്ര നൃത്ത സർട്ടിഫിക്കറ്റ് കോഴ്സ് - **2026** പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

കോഴിക്കോട് കിർടാഡ്സ് ആദികലാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന രണ്ട് മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ട്രൈബൽ ഡാൻസ് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചിരിക്കുന്നു. ഇരുളർ, ഹിൽപുലയ, പളിയ, പണിയ, മലവേട്ടുവ, മാവിലൻ എന്നീ പട്ടിക ഗോത്ര സമുദായങ്ങളിൽ നിന്നുള്ള, കുറഞ്ഞത് ഹയർ സെക്കണ്ടറി വിദ്യാഭ്യാസമുള്ള **20** വയസ്സിനും **50** വയസ്സിനും മദ്ധ്യേ പ്രായമുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്. തിരഞ്ഞെടുക്കപ്പെട്ട അഞ്ച് ഗോത്ര നൃത്തങ്ങളിൽ വൈദഗ്ധ്യം നേടുന്നതിനും അവയുടെ പരിശീലകരും വിധികർത്താക്കളുമായി പട്ടിക ഗോത്ര സമുദായങ്ങളിൽ നിന്നുള്ള കലാകാരന്മാരെ പര്യാപ്തരാക്കുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത് .

അപേക്ഷയുടെ മാതൃക **www.kirtads.kerala.gov.in** എന്ന വെബ്സൈറ്റിലും അതാത് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസുകളിലും ലഭ്യമാണ്.

ആവശ്യമായ സാക്ഷ്യപത്രങ്ങളടക്കം ഡയറക്ടർ, ആദികലാകേന്ദ്രം, കിർടാഡ്സ് വകുപ്പ്, ചേവായൂർ പി.ഒ, കോഴിക്കോട് - **673017** എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി **22/09/2026**, വൈകുന്നേരം **5.00** മണി.

കൂടുതൽ വിവരങ്ങൾ ഓഫീസ് പ്രവൃത്തി സമയങ്ങളിൽ **0495-2357329/2356821** എന്ന ഫോൺ നമ്പറിലും **www.kirtads.kerala.gov.in** എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

Digitally signed by
BINDU S
Date: 11-09-2026
17:10:15

ഡയറക്ടർ